<u>പതിനാലാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1712</u> <u>04.10. 2016 ൽ മറുപടിക്ക്</u>

<u>വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ</u>

<u>ചോദ്യം</u>

ശ്രീ. പി.ടി.തോമസ്
" വി.ടി.ബൽറാം.

<u>ഉത്തരം</u>

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ തീരുമാനത്തിനെതിരെ കെ.എസ്.ഇ.ബി.ഹൈക്കോടതിയിൽ ഏതെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഏതെല്ലാം വിഷയങ്ങളിലാണെന്ന് വിശദമാക്കാമോ; | (എ)ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കെ.എസ്.ഇ.ആർ.സി(Terms and conditions for Determination of Tariff) Regulations 2014 ന്റെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ബഹു.കേരള ഹൈക്കോടതിയിൽ WP(C) No.465/15 എന്ന നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. വൈദ്യുതി നിയമത്തിലെ 142 -ാം വകുപ്പ് പ്രകാരം കമ്മീഷൻ എടുത്തിട്ടുള്ള നടപടികളെ ചോദ്യം ചെയ്തുകൊണ്ടും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് വിവിധ റിട്ട് പെറ്റീഷനുകളിലൂടെ ബഹു.കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. |
| (ബി)ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്നും ഏതെങ്കിലും വിധി വന്നിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) കെ.എസ്.ഇ.ആർ.സി(Terms and conditions for Determination of Tariff)റഗുലേഷൻ 2014 -നെതിരെ ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു.ഹൈക്കോടതി 7/1/2015-ന് ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിക്കുന്ന താരിഫ് പ്രൊപ്പോസൽ, ടി റെഗുലേഷൻ പ്രകാരമല്ല എന്നു പറഞ്ഞ് റഗുലേറ്ററി കമ്മീഷൻ തള്ളാൻ പാടില്ല എന്ന് ബഹു.ഹൈക്കോടതി ടി ഉത്തരവിൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു.ഹൈക്കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. മറ്റ് റിട്ട് പെറ്റീഷനുകളിൽ ബഹു.ഹൈക്കോടതി റഗുലേറ്ററി കമ്മീഷൻ ഉത്തരവുകൾക്ക് സ്റ്റേ നല്കിയിട്ടുണ്ട്. |

| | |
|---|---|
| (സി)ഇങ്ങനെ കെ.എസ്.ഇ.ബി കേസ് ഫയൽ ചെയ്യുമ്പോൾ സർക്കാ രിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഫയൽ ചെയ്ത കേസ്സുകളിൽ മുൻകൂർ അനുമതി വാങ്ങിയി- ട്ടുണ്ടോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ